I ഇ.ബി. XV - കേരള നിയമസഭ/II-11

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 5, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 545-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 545-ാം നമ്പർ ചോദ്യത്തിന്റെ

തിരുത്തിയ ഉത്തരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയം

മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം

മി. സ്പീക്കർ: തിരുവനന്തപുരത്തെ മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണംമൂലമുള്ള അപകടങ്ങളിൽ മത്സ്യത്തൊഴിലാളികളുൾപ്പെടെ നിരവധിപേർ മരണപ്പെടുകയും ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മുതലപ്പൊഴിയിൽ 11 അപകടങ്ങളിലായി 4 മരണങ്ങളുണ്ടായിട്ടുണ്ട്. 03-08-2021-ന് മുതലപ്പൊഴിയിൽനിന്നും മത്സ്യബന്ധനത്തിനു പോയ താങ്ങുവള്ളം മറ്റൊരു വള്ളവുമായി കൂട്ടിയിടിച്ച് തകരുകയും 16

മത്സ്യത്തൊഴിലാളികൾക്ക് പരിക്കേൽക്കുകയും എഞ്ചിനും വലയും കടലിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. തകർന്ന ബോട്ടിന് നഷ്ടപരിഹാരവും പരിക്കേറ്റവർക്ക് ചികിത്സാ സഹായവും ലഭ്യമാക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്. വിഴിഞ്ഞത്തെയും മുതലപ്പൊഴിയിലെയും പ്രശ്നത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ യോഗം വിളിച്ച് നിർദ്ദേശം കൊടുത്തതിനെത്തുടർന്ന് ഡ്രഡ്ജിംഗ് ആരംഭിച്ചതിനാൽ വിഴിഞ്ഞത്ത് അപകടം ഒരുപരിധിവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡ്രഡ്ജിംഗിനുശേഷം ചാനൽ വേ ഇട്ട് യാനങ്ങൾക്ക് സുരക്ഷിത പാതയൊരുക്കും. മുതലപ്പൊഴി ഭാഗത്ത് EIS സ്റ്റഡി നടത്തി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മത്സ്യത്തൊഴിലാളികളുടെയും അവരുടെ സംഘടനകളുടെയും അഭിപ്രായവുംകൂടി കേട്ടശേഷമേ അന്തിമതീരുമാനത്തിലെത്തുകയുള്ളൂ.

<u>ശ്രീ. എം. വിൻസെന്റ്</u>: ഇത്രയും ഗുരുതരമായ പ്രശ്നത്തെ ലാഘവത്തോടെ കണ്ടത് പ്രതിഷേധാർഹമാണ്. മുതലപ്പൊഴിയിൽ 60-ഓളം ആളുകൾ മരണപ്പെടുകയും 500-ലേറെ പേർക്ക് പരിക്കേൽക്കുകയും കോടിക്കണക്കിന് രൂപയുടെ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുകയും ചെയ്തത് ഒരു തുറമുഖം വന്നതിനുശേഷമാണെങ്കിൽ അക്കാര്യം സഭ ചർച്ച

ചെയ്യേണ്ടതാണ്. ഇത്രയും അപകടങ്ങളുണ്ടായിട്ടും ഫിഷറീസ് വകുപ്പ് പ്രാഥമികാന്വേഷണംപോലും നടത്തിയിട്ടില്ല. അഞ്ചുതെങ്ങിൽ തീരത്തോട് ചേർന്നുണ്ടായിരുന്ന മൂന്നുനിര വീടുകളിൽ രണ്ടുനിരയും കടലാക്രമണത്തിൽ നശിച്ചു. ഹാർബർ വന്നതോടുകൂടി നാച്ചുറൽ സാൻഡ് ബൈപ്പാസിംഗ് എന്ന സ്ഥിതിവിശേഷം ഇല്ലാതായി. ഹാർബറിലെ ഒലിച്ചുപോയ ടെട്രാപോഡുകളും പാറകളും അടിയന്തരമായി പുന:സ്ഥാപിച്ച് ഡ്രഡ്ജിംഗ് നടത്താനുള്ള സ്ഥിരം സംവിധാനമുണ്ടാക്കണം. മുതലപ്പൊഴി ഉൾപ്പെടെയുള്ള സ്ഥലത്ത് അടിയന്തരമായി റസ്ക്യൂ ടീമിനെ ഏർപ്പെടുത്തുകയും മണൽ അടിയുന്ന തുറമുഖങ്ങളിൽ സാൻഡ് ബൈപ്പാസിംഗ് നടത്തുകയും ചെയ്യണം. ഇക്കാര്യം പഠനവിധേയമാക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ അനുഭവജ്ഞാനവും കാറ്റിന്റെ ഗതിയും വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും സ്വഭാവവും കണക്കിലെടുക്കണം. മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ അപകടം നിമിത്തം മരണമടയുന്നവരുടെ സംഖ്യ ഉയരാതിരിക്കാൻ ജാഗ്രത കാണിക്കണം. പ്രസ്തുത വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. വി. ശശി</u>: എന്റെ നിയോജകമണ്ഡലത്തിലെ അഞ്ചുതെങ്ങ് മുതലപ്പൊഴി ഹാർബറിന്റെ വിഷയമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്.

2011-ൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി 13 കോടി രൂപ ചെലവഴിച്ച് ഹാർബറിന്റെ നിർമ്മാണം പൂർത്തിയാക്കുകയും അത് അശാസ്ത്രീയമാണെന്ന് മനസ്സിലാക്കി വീണ്ടും പഠനത്തിന് വിധേയമാക്കി 33 കോടി രൂപ ചെലവഴിച്ച് പുനർനിർമ്മിക്കുകയും ചെയ്തു. വീണ്ടും അത് അശാസ്ത്രീയമാണെന്ന വിലയിരുത്തലാണ് ഉണ്ടായിരിക്കുന്നത്. ഇതുസംബന്ധിച്ച് ബഹു. മന്ത്രി യോഗം വിളിച്ചുകൂട്ടി സമയബന്ധിതമായി ഒരു പദ്ധതി നടപ്പാക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണത്തിൽ പോരായ്മകളുണ്ടോയെന്ന് പരിശോധിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ പണം അനുവദിക്കുന്നതാണ്. മത്സ്യത്തൊഴിലാളിക്ഷേമത്തിനായി അനുവദിച്ച തുകയിൽ ഭൂരിഭാഗവും ചെലവഴിച്ചിട്ടുണ്ട്. മുതലപ്പൊഴിയിലും, വിഴിഞ്ഞത്തുംഅപകടത്തിൽ പരിക്കേറ്റവർക്കും മരിച്ചവരുടെ കുടുംബങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ട്. 2018-ലെ പ്രളയദുരന്തത്തിൽ മത്സ്യത്തൊഴിലാളികൾ ശ്ലാഘനീയമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. അഞ്ച് വർഷത്തിനിടയിൽ തീരദേശത്തിന്റെ കണ്ണുനീർ തുടച്ചുമാറ്റപ്പെടുമെന്ന ബഹു. മുഖ്യമന്ത്രിയുടെ

പ്രഖ്യാപനം പാലിക്കപ്പെടുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കഴിഞ്ഞ 6 വർഷത്തിനിടയിൽ മുതലപ്പൊഴിയിൽ 60 പേർ മരിക്കുകയും 600 വീടുകൾ തകരുകയും ലക്ഷക്കണക്കിന് രൂപയുടെ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. പുലിമുട്ടുകൾ നിർമ്മിച്ചതിലെ അപാകത കാരണം മണലിന്റെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടുകയും അശാസ്ത്രീയമായ തുറമുഖ നിർമ്മാണം അപകടം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. തീരശോഷണം സംഭവിച്ച് കാലക്രമേണ അഞ്ചുതെങ്ങ് പ്രദേശം കടലിനടിയിലാകാവുന്ന അവസ്ഥ തടയേണ്ടതാണ്. അദാനി പോർട്ട്സ് കഴിഞ്ഞ ഒന്നര വർഷമായി ഡ്രഡ്ജിംഗ് നടത്താതിരുന്നതിനാൽ അഴിമുഖത്ത് മണ്ണടിഞ്ഞുകൂടി വൻചുഴികളുണ്ടായതും പാരിസ്ഥിതിക ആഘാതപഠനം നടത്താതെ നിർമ്മാണ സാമഗ്രികൾ കൊണ്ടുപോകുന്നതിനായി തുറമുഖത്തെ പുലിമുട്ടുകൾ പൊളിച്ചുനീക്കിയതും മത്സ്യത്തൊഴിലാളികളുടെ ജീവൻ അപകടത്തിലാക്കിയിരിക്കുകയാണ്. പുലിമുട്ടുകൾക്കിടയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുകയും ബ്രേക്ക്

വാട്ടർ സംവിധാനം ഏർപ്പെടുത്തി 24 മണിക്കൂറും മത്സ്യബന്ധനം നടത്തുന്നതിന് സേഫ് കോറിഡോറുണ്ടാക്കുകയും നിർമ്മാണ പ്രവർത്തനങ്ങളിൽ പരമ്പരാഗതവും ശാസ്ത്രീയവുമായ അറിവുകൾ ഉപയോഗപ്പെടുത്തുകയും ചെയ്യണം. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുകയും മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുകയും വേണം. മുതലപ്പൊഴി ലാന്റിംഗ് സെന്ററിന്റെ നീളം വർദ്ധിപ്പിക്കുന്നതിനും കടൽഭിത്തി നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും മുൻകയ്യെടുത്ത് ഇവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തരമായി ഇടപെടണം. അതിനായി പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകും.

## III. ശ്രദ്ധക്ഷണിക്കൽ

### 1. പുതുക്കിയ തൊഴിലുറപ്പ് വേതന മാർഗ്ഗനിർദ്ദേശങ്ങൾ പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. സി. കെ. ഹരീന്ദ്രൻ: തൊഴിലുറപ്പ് തൊഴിലാളികളെ ജാതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് വേതനം നൽകുന്ന പുതിയ മാർഗ്ഗനിർദ്ദേശം പിൻവലിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളെ പട്ടികജാതി/പട്ടികവർഗ്ഗം/മറ്റുള്ളവർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളാക്കി തിരിക്കാനും ഓരോ വിഭാഗത്തിനും വെവ്വേറെ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച് വേതനം വിതരണം നടത്താനുമുള്ള പുതിയ മാർഗ്ഗനിർദ്ദേശമാണ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. തൊഴിലാളികൾക്കിടയിൽ വിവേചനം സൃഷ്ടിക്കുന്നതിനും തൊഴിലിടങ്ങൾ സങ്കീർണമാക്കുന്നതിനും ഈ തീരുമാനം കാരണമാകുന്നതാണ്. ഒരേ തൊഴിലിടത്തിൽ പണിയെടുക്കുന്ന സാധാരണക്കാരായ തൊഴിലാളികൾക്കിടയിൽ ജാതിയടിസ്ഥാനത്തിൽ വേർതിരിവ് ഉണ്ടാക്കുന്ന കാഴ്ചപ്പാടിനോട് സർക്കാരിന് യോജിക്കാനാകില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ടിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായ കേന്ദ്രതീരുമാനത്തെ ഗൗരവമായാണ് കാണുന്നത്. സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിക്കുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ഒരു വർഷം 200 തൊഴിൽ ദിനങ്ങൾ നൽകണമെന്ന നിലപാടാണ് സർക്കാരിനുള്ളത്.

## 2. നാളികേര കർഷകർക്ക് സഹായം

ശ്രീ. കുറുക്കോളി മൊയ്തീൻ: സംസ്ഥാനത്ത് നാളികേര കർഷകരെ സഹായിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ പച്ചത്തേങ്ങയുടെ സംഭരണം ആരംഭിക്കുന്നതിനും സംഭരണ വില വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കൊപ്രയ്ക്കുപകരം പച്ചത്തേങ്ങയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കൊപ്രയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്ര കൃഷി മന്ത്രാലയം പച്ചത്തേങ്ങയ്ക്ക് 28 രൂപ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. നാളികേര കർഷകരുടെ വർദ്ധിച്ച ഉല്പാദന ചെലവ് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ സംഭരണവില 32 രൂപയാക്കുകയും പച്ചത്തേങ്ങ സംഭരണത്തിനുള്ള നോഡൽ ഏജൻസികളായി കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. താങ്ങുവിലയെക്കാൾ കുറവുള്ള തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നതും സംഭരണത്തിന് കൂടുതൽ കേന്ദ്രങ്ങൾ ആവശ്യമായി വന്നാൽ അതിനനുസരിച്ച് തീരുമാനമെടുക്കുന്നതുമായിരിക്കും.

## IV. സബ്മിഷൻ

### 1. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം

ഡോ. എം. കെ. മുനീർ: കണ്ണൂർ ജില്ലയിലെ ചൊക്ലിയിൽ മൻസൂറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ ജില്ലയിലെ ചൊക്ലി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 118/2021 കേസിലെ പ്രതിയെ പിടികൂടുന്നതിനുള്ള ഊർജ്ജിത ശ്രമം നടന്നുവരുന്നു. കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കേണ്ടതുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

### 2. പ്രവേശന നിയന്ത്രണം

ശ്രീ. എ. കെ. എം. അഷ്റഫ്: കേരളത്തിൽനിന്നും കർണ്ണാടകത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള നിയന്ത്രണം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കർണ്ണാടക സർക്കാർ പുതുതായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ചികിത്സയ്ക്കായി

പോകുന്നവർക്കും അവശ്യ സേവന മേഖലയിലുള്ളവർക്കും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുകയും കാസർഗോഡ് നിന്ന് സ്ഥിരമായി മംഗലാപുരത്തേയ്ക്ക് പോയിവരുന്ന യാത്രക്കാർക്ക് മുൻഗണന നൽകി ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തുന്നതിന് അതിർത്തിയിൽ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആർ.ടി.പി.സി.ആർ ടെസ്റ്റ് നിർബന്ധമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി എത്തുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം അനുമതി നൽകുന്നതാണ്. യാത്രയ്ക്കായി ചെക്ക്പോസ്റ്റിൽ എത്തുന്നവരുടെ സംശയദൂരീകരണത്തിനും ക്രമസമാധാനപാലനത്തിനും ആവശ്യമായ പോലീസിനെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവി കർണ്ണാടക സംസ്ഥാന പോലീസ് മേധാവിയുമായി നടത്തിയ ആശയവിനിമയത്തെത്തുടർന്ന് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 3. കൈവശ ഭൂമിക്ക് പട്ടയം

ശ്രീ. ടി. സിദ്ദിഖ്: വൈത്തിരി താലൂക്കിലെ വിവിധ വില്ലേജുകളിൽ കൈവശഭൂമിയുള്ള കർഷകർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വൈത്തിരി താലൂക്കിലെ വിവിധ വില്ലേജുകളിൽ 1977-ന് മുമ്പ് ഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ-വനം-സർവ്വേ വകുപ്പുകളുടെ സംയുക്ത പരിശോധനയും ശുഗിൾ മാപ്പിംഗും പൂർത്തീകരിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായാൽ പട്ടയവിതരണം നടത്താൻ സാധിക്കും. വനംവകുപ്പിൽനിന്നും സ്കെച്ചുകൾ ലഭിച്ചാലുടൻ കലണ്ടർ തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

4. ചൂരുപാറ മലയോര മേഖലയിലെ കർഷകർക്ക് പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ താലൂക്കിലെ ചൂരുപാറ മലയോര മേഖലയിലെ കർഷകർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ആലത്തൂർ താലൂക്കിലെ 2313.55 ഏക്കർ മിച്ചഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഹൈക്കോടതി ഉത്തരവുകൾ നടപ്പാക്കുന്നതിനുമായി ആരംഭിച്ച സർവ്വേ നടപടികളുടെ 61 ശതമാനം പൂർത്തിയാക്കുകയും ഭൂപരിഷ്കരണ നിയമപ്രകാരം പതിച്ചുകൊടുക്കാവുന്നതിനേക്കാൾ കൂടുതൽ ഭൂമി കൈവശം വച്ചിരുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് സമയബന്ധിതമായി സർവ്വേ

നടപടികൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുന്നതാണ്.

5. എരുമേലി തെക്ക് വില്ലേജിലെ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: എരുമേലി തെക്ക് വില്ലേജിലെ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): എരുമേലി തെക്ക് വില്ലേജിൽപ്പെട്ട പ്രദേശങ്ങളിലെ കർഷകരുടെ കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-ലെ സർക്കാർ ഉത്തരവുപ്രകാരം പെരിയാർ ടൈഗർ റിസർവിൽ ഉൾപ്പെട്ട പമ്പാവാലി പ്രദേശത്തെ 904 പേർക്ക് നൽകിയ പട്ടയങ്ങൾക്ക് നിയമസാധുതയില്ലാത്തതിനാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980 പ്രകാരം കേന്ദ്രാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്തയോഗം ചേർന്ന് നടപടി ത്വരിതപ്പെടുത്തുന്നതാണ്.

6. റെഗുലേറ്ററുകളുടെ പുനർ നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പുഴയിലെ ജലനിരപ്പും കാലവർഷവും കണക്കിലെടുത്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്.

7. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

ശ്രീ. പി. ബാലചന്ദ്രൻ: പൂത്തോൾ ചാത്തൻ മാസ്റ്റർ സ്മാരകഭൂമിയിൽ പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): തൃശ്ശൂർ പൂത്തോളിൽ ചാത്തൻ മാസ്റ്റർ സ്മാരകഭൂമിയിലെ പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം നൂറുശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ

കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

8. ബീനാച്ചി-പനമരം റോഡ് നിർമ്മാണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ബീനാച്ചി-പനമരം റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ബീനാച്ചി-പനമരം റോഡിന്റെ നിർമ്മാണം നിർത്തിവച്ചത് സംബന്ധിച്ച് കിഫ്ബിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ഗ്രാനുലാർ സബ് ബേസിന്റെ കുഴികൾ അടയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും വെറ്റ് മിക്സ് മെക്കാഡത്തിന്റെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്ത 10 കിലോമീറ്റർ ഭാഗത്ത് അറ്റകുറ്റപ്പണി നടത്തുന്നതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തിയാക്കുന്നതുമാണ്.

9. വഴിമുക്ക്-കളിയിക്കാവിള പാത വികസനം

ശ്രീ. കെ. ആൻസലൻ: വഴിമുക്ക്-കളിയിക്കാവിള പാത വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വഴിമുക്ക്-കളിയിക്കാവിള റോഡ് വികസനവുമായി ബന്ധപ്പെട്ട്

കരട് അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകുകയും ഭൂമി ഏറ്റെടുത്ത് പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇതിനാവശ്യമായ തുക കിഫ്ബിയിൽനിന്നാണ് അനുവദിക്കുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

10. മെഡിക്കൽ കോളേജിന്റെ വികസനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതുതായി മദർ ആൻഡ് ചൈൽഡ്/സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതിനും ആർദ്രം പദ്ധതിയിൽപ്പെടുത്തി രോഗീസൗഹൃദമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ക്യാൻസർ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും കാത്ത്ലാബ്, കാർഡിയോ തൊറാസിക് വിഭാഗങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ടി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 716.07

കോടി രൂപ അനുവദിച്ചിട്ടുണ്ട്. എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI. ഗവൺമെന്റ് പ്രമേയം

2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നത് സംബന്ധിച്ച്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): "ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സമവർത്തി പട്ടികയിലെ ഇനം 38 ആണ് വൈദ്യുതി മേഖല. ഇത്തരത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ള ഒരു മേഖലയെ സമഗ്രമായി ബാധിക്കുന്ന 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ തായ്യാറാവുമ്പോൾ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാനും സമവായത്തിലെത്താനും കേന്ദ്രസർക്കാരിന് ബാദ്ധ്യതയുണ്ട്. ഇതാണ് സഹകരണ ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്ത. 2020 ജൂലൈ മാസത്തിൽ കേന്ദ്ര വൈദ്യുതി സഹമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ കേരളമടക്കം നിരവധി

സംസ്ഥാനങ്ങൾ വൈദ്യുതി നിയമ ഭേദഗതി സംബന്ധിച്ച് അന്ന് അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ തങ്ങൾക്കുള്ള വിയോജിപ്പ് വ്യക്തമാക്കുകയുണ്ടായി. ഇക്കാര്യങ്ങൾ അതതു സംസ്ഥാനങ്ങളുമായി നേരിട്ടു ചർച്ച ചെയ്യതല്ലാതെ നിയമഭേദഗതിയുമായി മുന്നോട്ടുപോകുകയില്ലെന്ന് കേന്ദ്ര സഹമന്ത്രി ആ യോഗത്തിൽ വ്യക്തമാക്കുകയും ചെയ്തു. എന്നാൽ, അന്ന് അവതരിപ്പിക്കപ്പെട്ടതിൽനിന്നും തികച്ചും വ്യത്യസ്തമായ ഭേദഗതി നിർദ്ദേശമാണ് ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയ്ക്ക് വരുന്നത്.

വൈദ്യുതി വിതരണ മേഖലയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല എന്നതാണ് നിർദ്ദിഷ്ട നിയമഭേദഗതിയിലെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം. സംസ്ഥാന സർക്കാരുകൾക്കോ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനോ യാതൊരുവിധ നിയന്ത്രണവുമില്ലാതെ സ്വകാര്യ കമ്പനികൾക്ക് ഈ രംഗത്ത് യഥേഷ്ടം കടന്നുവരാനും പ്രവർത്തിക്കാനും ഭേദഗതിയിലൂടെ സാധിക്കും. ഇങ്ങനെ കടന്നുവരുന്ന കമ്പനികൾക്ക് ഉണ്ടാകേണ്ട യോഗ്യതകൾ തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരാണ്. പുതിയ വിതരണ കമ്പനികൾക്ക് വൈദ്യുതി ലൈനുകളുടെ നിർമ്മാണത്തിലടക്കം ഒരു രീതിയിലുമുള്ള മുതൽമുടക്കും നടത്താൻ ബാദ്ധ്യതയില്ല. നിലവിലുള്ള വൈദ്യുതി ലൈനുകളിലൂടെ തന്നെ വൈദ്യുതി കടത്തിക്കൊണ്ടുപോകാനും

വിൽക്കാനും അവർക്ക് അവകാശമുണ്ടാകും. നിലവിലുള്ള വൈദ്യുതി സ്ഥാപനത്തിന്റെ കൈവശമുള്ള വൈദ്യുതി നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങൽ കരാറുകളിൽനിന്നും പുതുതായി കടന്നുവരുന്ന കമ്പനികൾക്ക് വിഹിതം അനുവദിക്കണമെന്നും നിയമഭേദഗതി അനുശാസിക്കുന്നു. ഇങ്ങനെ വൈദ്യുതി ആസ്തികളുടെ നിർമ്മാണത്തിനോ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനോ യാതൊരു മുതൽമുടക്കുമില്ലാതെ കടന്നുവരാൻ കഴിയുന്നതിനാൽ ലാഭമിടിഞ്ഞാൽ എളുപ്പത്തിൽ പിൻവാങ്ങുന്നതിനും സ്വകാര്യ കമ്പനികൾക്ക് അവസരം ലഭിക്കുന്നു. വൈദ്യുതി വിതരണരംഗത്ത് തികഞ്ഞ അനിശ്ചിതത്വം നിർദ്ദിഷ്ട നിയമ ഭേദഗതിയിലൂടെ ഉണ്ടാകാൻ സാധ്യതയുണ്ട്.

വൈദ്യുതി വിതരണരംഗത്ത് കടന്നുവരുന്ന സ്വകാര്യ കമ്പനികൾക്ക്, എല്ലാവർക്കും വൈദ്യുതി നൽകാനുള്ള ബാദ്ധ്യത പുതിയ നിയമം നിഷ്കർഷിക്കുന്നില്ല. വിതരണരംഗം ലാഭകരമായ നഗര പ്രദേശങ്ങളിൽ പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന വാണിജ്യമടക്കമുള്ള മേഖലകളിലെ ഉപഭോക്താക്കളെ അടർത്തിയെടുക്കാനും സ്വകാര്യ കമ്പനികൾക്ക് അവസരമൊരുക്കുകയാണ് ഭേദഗതി ചെയ്യുന്നത്. ഇങ്ങനെ ലാഭകരമായ മേഖലകളെല്ലാം സ്വകാര്യ

മേഖല കൈക്കലാക്കുന്നു. നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും ഗ്രാമപ്രദേശങ്ങളിലും വൈദ്യുതി നൽകേണ്ട ബാദ്ധ്യത പൊതുമേഖലയുടെ ചുമലിലുമാക്കുന്നു. ലാഭം സ്വകാര്യ മേഖലയ്ക്കും നഷ്ടം പൊതുമേഖലയ്ക്കുമെന്ന ഈ അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേയ്ക്കും അതുവഴി സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേയ്ക്കുമാണ് നയിക്കുക. ഇത്തരം പരിഷ്കരണങ്ങളുടെ അന്താരാഷ്ട്ര അനുഭവവും അതുതന്നെയാണ്. സാധാരണ ഗാർഹിക ഉപഭോക്താക്കളുടെയും കാർഷിക ഉപഭോക്താക്കളുടെയും വൈദ്യുതി നിരക്കുകൾ അതിഭീമമായി ഉയരുന്നതിനാണ് നിയമഭേദഗതി കാരണമാകുക.

നിയമഭേദഗതിക്കുശേഷവും വൈദ്യുതി ലൈനുകളുടെ നിർമ്മാണവും പരിപാലനവുമൊക്കെ നിലവിലുള്ള പൊതുമേഖലാ വിതരണ യൂട്ടിലിറ്റികളുടെ തന്നെ ഉത്തരവാദിത്തമായി തുടരും. എന്നാൽ പുതിയ സാഹചര്യത്തിൽ പൊതുമേഖലാ കമ്പനിയുടെ സാമ്പത്തിക അടിത്തറ ദുർബലമാകുന്നതോടെ ലൈനുകളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും പരിപാലനവുമെല്ലാം താളം തെറ്റും. വർദ്ധിക്കുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവുമെല്ലാം തിരിച്ചു വരുകയും ചെയ്യും.

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുകളുടെ പ്രവർത്തനം നിയന്ത്രിക്കാനും അവർക്ക് നിർദ്ദേശങ്ങൾ നൽകാനും കേന്ദ്രസർക്കാരിന് അധികാരമുണ്ടാകുമെന്ന് നിയമഭേദഗതിയിലുണ്ട്. വൈദ്യുതി നിരക്കുകൾ നിശ്ചയിച്ചതടക്കമുള്ള കാര്യങ്ങളിലെല്ലാം കേന്ദ്രനിർദ്ദേശം ബാധകമാകും. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പ്രവർത്തനക്ഷമമല്ലെങ്കിൽ കമ്മീഷന്റെ ചുമതല മറ്റേതെങ്കിലും സംസ്ഥാനത്തുള്ള കമ്മീഷനിൽ നിക്ഷിപ്തമാക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടാകുമെന്നും നിയമഭേദഗതി വ്യക്തമാക്കുന്നു. സംസ്ഥാനങ്ങളിലെ അക്ഷയ ഊർജ്ജ വികസനമടക്കമുള്ള കാര്യങ്ങളിലും കേന്ദ്രസർക്കാരിന്റെ നിയന്ത്രണം ഉറപ്പുവരുത്തുന്നതാണ് ഭേദഗതി.

പൊതുവേ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകളുണ്ടാകുമ്പോഴും വൈദ്യുതി വിതരണം തികച്ചും സംസ്ഥാനതലത്തിലാണ് മുൻകാലങ്ങളിലെല്ലാം കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവൽക്കരണ സമ്മർദ്ദങ്ങളുണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് തീരുമാനിക്കാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾപോലും ഇല്ലാതാക്കി വൈദ്യുതിമേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിൽ

നിക്ഷിപ്തമാക്കുന്ന സമീപനമാണ് 2021-ലെ വൈദ്യുതി ഭേദഗതി മുന്നോട്ട് വയ്ക്കുന്നത്. വൈദ്യുതി മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുന്ന, സാധാരണക്കാരന് വൈദ്യുതി അപ്രാപ്യമാക്കുന്ന ഈ ഭേദഗതി രാജ്യത്തെ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണ്. വൈദ്യുതി മേഖല സംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഫെഡറൽ ഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തും.

മേൽകാര്യങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ നിന്നും പിന്മാറണമെന്നും 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) പ്രമേയത്തിലെ രണ്ടാം ഖണ്ഡികയുടെ അവസാന ഭാഗത്തെ "നിർമ്മാണത്തിനോ" എന്നതിനു ശേഷം "ശൃംഖലാ വികസനത്തിനോ പരിപാലനം ഉറപ്പുവരുത്തുന്നതിനോ" എന്ന് ചേർക്കുക.

(2) പ്രമേയത്തിലെ മൂന്നാം ഖണ്ഡികയുടെ അവസാനം "കാരണമാകുക.” എന്നതിനു ശേഷം താഴെ പറയുന്നവ കൂട്ടിച്ചേർക്കുക:

“ മാത്രമല്ല, സേവന നിലവാരത്തിൽ മെച്ചപ്പെടലിനും മത്സരത്തിനും ഈ ഭേദഗതികൊണ്ട് സാധ്യതയുമില്ല. അതുകൊണ്ട് വൻകിട സ്വകാര്യ കോർപ്പറേറ്റുകൾക്ക് ലാഭം കൊയ്യുന്നതിനുവേണ്ടി രാജ്യതാല്പര്യങ്ങൾ ബലികഴിച്ചുകൊണ്ട് വൈദ്യുതിമേഖല സ്വകാര്യവത്കരിക്കുന്നതിനുള്ള ശ്രമം മാത്രമാണിത്".

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച, പ്രമേയത്തിലെ രണ്ടാം ഖണ്ഡികയുടെ അവസാന ഭാഗത്തെ "നിർമ്മാണത്തിനോ" എന്നതിനുശേഷം "ശൃംഖലാ വികസനത്തിനോ പരിപാലനം ഉറപ്പുവരുത്തുന്നതിനോ" എന്ന ഒന്നാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ഭേദഗതിയോടുകൂടിയ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സർവ്വശ്രീ. പി. കെ. ബഷീർ, എൻ. ഷംസുദ്ദീൻ, കെ. ബാബു (തൃപ്പൂണിത്തുറ) എന്നിവരുടെ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതിയോടുകൂടിയ പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VII. ക്രമപ്രശ്നം

### 1. നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരം യഥാസമയം ലഭ്യമാക്കൽ

ശ്രീ. അനൂപ് ജേക്കബ്: നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): നിയമസഭാ ചട്ടം 47(1), (2) എന്നിവ പ്രകാരമുള്ള ചോദ്യങ്ങളുടെ മറുപടി അതാത് സമ്മേളന കാലയളവിൽത്തന്നെ ലഭ്യമാക്കുന്ന കാര്യം മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പുകൾ സ്വീകരിച്ചുവരികയാണ്.

### 2. ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിലെ വൈരുദ്ധ്യം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): ചട്ടം 300 പ്രകാരം 04-08-2021-ന് ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയ്ക്ക് വിരുദ്ധമായ ഉത്തരവാണ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റ് പുറത്തിറക്കിയിട്ടുള്ളത്. കടകളും പൊതു-സ്വകാര്യ സ്ഥാപനങ്ങളും

സന്ദർശിക്കുന്നവർ ആദ്യ ഡോസ് വാക്സിൻ എടുത്തവരോ 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. നെഗറ്റീവ് ഫലം ലഭിച്ചവരോ ഒരു മാസത്തിനുള്ളിൽ കോവിഡ് ബാധിച്ച് രോഗമുക്തി നേടിയവരോ ആകുന്നതാണ് അഭികാമ്യമെന്ന മന്ത്രിയുടെ പ്രസ്താവന ഉത്തരവിൽ നിർബന്ധമാക്കിയിരിക്കുകയാണ്. അപ്രായോഗികമായ നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് ദുരുപയോഗം ചെയ്യാനിടയുണ്ട്. ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയുടെ അന്തഃസത്തയ്ക്ക് കടകവിരുദ്ധമായി ഉത്തരവിറക്കുന്നത് ഓർഡറിലല്ല.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): പൊതുപ്രാധാന്യമർഹിക്കുന്ന വിഷയമായതിനാലാണ് ചട്ടം 300 പ്രകാരം സഭയിൽ പ്രസ്താവന നടത്തിയത്. ചട്ടപ്രകാരമുള്ള പ്രസ്താവനയും ഉത്തരവും തമ്മിൽ വൈരുദ്ധ്യങ്ങളില്ലെന്ന കാര്യം അറിയിക്കുന്നു.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> ഇ-നിയമസഭ പദ്ധതി പൂർത്തീകരിക്കപ്പെടുന്നതോടുകൂടി നിയമസഭാ നടപടിക്രമങ്ങളിൽ വരുത്തേണ്ട പരിഷ്കാരങ്ങളും നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതും സംബന്ധിച്ച് പരിശോധിച്ച് ശിപാർശ നൽകുന്നതിലേയ്ക്കായി ഒരു അഡ്ഹോക് സമിതി

രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവരുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രതിപക്ഷനേതാവ് ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(ചട്ടം 300 അനുസരിച്ച് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയ്ക്ക് വിരുദ്ധമായി പുറപ്പെടുവിച്ച ഉത്തരവ് തിരുത്താൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി)

## VIII. ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

(1228,55,53,000 രൂപ)

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

ശ്രീ. കെ. ഡി. പ്രസേനൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യ ഭക്ഷ്യകിറ്റ് നൽകിയതും അർഹരായവർക്കെല്ലാം മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതും മാവേലി സ്റ്റോറുകളെ സൂപ്പർമാർക്കറ്റുകളാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചതും മികച്ച വില നൽകി നെല്ല് സംഭരിക്കുന്നതും സ്വാഗതാർഹമാണ്. വിളവെടുപ്പ് സമയത്തുതന്നെ നെല്ല് സംഭരിക്കാനുള്ള നടപടി സ്വീകരിക്കണം.

(സഭയിൽനിന്നും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ വീണ്ടും ഹാജരായി)

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മുൻഗണനാപ്പട്ടികയിലുള്ളവർക്ക് സൗജന്യമായി അരി നൽകാൻ തയ്യാറാകണം. ചട്ടം 300 അനുസരിച്ച് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയ്ക്ക് അനുബന്ധമായി പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ പിൻവലിക്കണം. പച്ചക്കറി, കാലിത്തീറ്റ, നിർമ്മാണസാമഗ്രികളടക്കമുള്ളവയുടെ വിലക്കയറ്റം തടയാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി. സി. മുകുന്ദൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിക്കാലത്ത് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്ന നടപടി സ്വാഗതാർഹമാണ്. അനർഹരായവരുടെ മുൻഗണനാ റേഷൻ കാർഡുകൾ തിരിച്ചേൽപ്പിക്കുന്ന ക്യാമ്പയിൻ ഊർജ്ജിതമാക്കുന്നതിനും അർഹതയുള്ളവർക്ക് മുൻഗണനാ കാർഡുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. നജീബ് കാന്തപുരം: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഭക്ഷ്യക്കിറ്റിൽ പച്ചക്കറികൂടി ഉൾപ്പെടുത്താനുള്ള നടപടിയുണ്ടാകണം. റേഷൻ കാർഡിന് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്ന നിലവിലെ രീതിയിൽ മാറ്റം

വരുത്തുകയും അർഹരായവർക്ക് റേഷൻ ആനുകൂല്യം ലഭ്യമാക്കാനും സാഹചര്യമുണ്ടാക്കണം.

ശ്രീ. ജി. സ്റ്റീഫൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം, വാതിൽപ്പടി റേഷൻ വിതരണം, റേഷൻ കടകളുടെ കമ്പ്യൂട്ടർവത്ക്കരണം, റേഷൻകാർഡ് പോർട്ടബിലിറ്റി എന്നിവ നടപ്പാക്കിയതിലൂടെ പൊതുവിതരണ രംഗത്തെ ആധുനികവത്ക്കരിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. സ്കൂൾ കിറ്റുകൾ വിതരണം ചെയ്യുന്നതിനും സഞ്ചരിക്കുന്ന റേഷൻകടകൾ ആരംഭിക്കുന്നതിനുമുള്ള തീരുമാനവും 'വിശപ്പുരഹിത കേരളം' പദ്ധതി നടപ്പാക്കിയതും സ്വാഗതാർഹമാണ്. ലോക്ഡൗൺ കാലത്ത് അതിഥി തൊഴിലാളികളടക്കമുള്ളവർക്ക് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നതും സംസ്ഥാനത്തെ മഠങ്ങൾ, ആശ്രമങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നോൺ പ്രയോറിറ്റി ഇൻസ്റ്റിറ്റ്യൂഷണൽ കാർഡുകൾ വിതരണം ചെയ്തതും അഭിനന്ദനീയമാണ്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതും സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ചതും അനർഹരായവരുടെ മുൻഗണനാ കാർഡുകൾ സറണ്ടർ ചെയ്യുന്നതിനുള്ള

പദ്ധതി ആവിഷ്കരിച്ചതും സ്വാഗതാർഹമാണ്. റേഷൻ കാർഡില്ലാത്തവർക്ക് അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കോവിഡ് കാലത്ത് റേഷൻ കടകൾ വഴി ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തതും അപേക്ഷ ലഭിച്ച് ഇരുപത്തിനാല് മണിക്കൂറിനകം റേഷൻ കാർഡ് ലഭ്യമാക്കുന്നതും അടഞ്ഞുകിടന്ന റേഷൻ കടകൾ തുറന്നുപ്രവർത്തിപ്പിച്ചതും പുതുതായി മാവേലി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ആരംഭിക്കാനുള്ള തീരുമാനവും പ്രശംസനീയമാണ്. ഏജന്റുമാരെ നിയന്ത്രിച്ച് നെൽക്കർഷകർക്ക് നല്ല വില ലഭ്യമാക്കാനും മഠങ്ങളിലും അനാഥാലയങ്ങളിലും ഓണക്കിറ്റ് വിതരണം ചെയ്യാനും നടപടിയുണ്ടാകണം.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. നീതി ആയോഗിന്റെ നിർദ്ദേശാനുസരണം ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയിൽനിന്ന് ഉപഭോക്താക്കളെ വെട്ടിക്കുറച്ചത് അപലപനീയമാണ്. അവശ്യസാധനങ്ങളുടെ പട്ടികയിൽനിന്ന് നെല്ല്, ഗോതമ്പ്, പയർവർഗ്ഗങ്ങൾ, എണ്ണക്കുരു, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവയെ കേന്ദ്രം ഒഴിവാക്കിയത് പൂഴ്ത്തിവയ്പിനും കരിഞ്ചന്തയ്ക്കും വിലവർദ്ധനവിനും ഇടയാക്കും. ആദായ നികുതിയുടെ പരിധിയിൽ വരാത്ത കുടുംബങ്ങൾക്ക് പ്രതിമാസം 7500 രൂപ

വീതം നൽകണമെന്നും പ്രകൃതിദുരന്തങ്ങളും പകർച്ചവ്യാധികളുമുണ്ടായാൽ തൊഴിലുറപ്പ് പദ്ധതിയിൽ 50 ദിവസത്തെ തൊഴിൽദിനം കൂടുതലായി നൽകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണം.

ശ്രീമതി കാനത്തിൽ ജമീല: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ കേരളത്തിൽ ഭക്ഷ്യധാന്യ കിറ്റുകൾ നൽകുകയും അവശ്യവസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിനായി മാവേലിസ്റ്റോറുകൾ വഴി 13 ഇനം ഭക്ഷ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും ലോക്ഡൗൺ സമയത്ത് അതിഥിത്തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് സാമൂഹ്യ അടുക്കളവഴി ഭക്ഷണം ഉറപ്പുവരുത്തുകയും ചെയ്തത് അഭിനന്ദനാർഹമാണ്. കൂടുതൽ മാവേലിസ്റ്റോറുകൾ ആരംഭിച്ചതും റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം, സഞ്ചരിക്കുന്ന മാവേലിസ്റ്റോർ, വാതിൽപ്പടി വിതരണം എന്നിവ നടപ്പിലാക്കിയതും റേഷൻ ഡീലേഴ്സിന് ഇൻഷ്വറൻസ് ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ദാരിദ്ര്യമില്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും സാമ്പത്തികമായി

പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനക്ഷേമ പദ്ധതികൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ് ഭരണത്തുടർച്ച. റേഷൻ കട, മാവേലി സ്റ്റോർ, സിവിൽ സപ്ലൈസ് സൂപ്പർമാർക്കറ്റ് തുടങ്ങിയവയിലൂടെ വിലക്കയറ്റം പിടിച്ചുനിർത്തിയതും ഉത്സവസീസണുകളിൽ സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കിയതും അഭിനന്ദനാർഹമാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കിയതും ഇ-പോസ് സംവിധാനം നടപ്പാക്കിയതും അഭിനന്ദനാർഹമാണ്. റേഷൻ കാർഡുകൾക്ക് ആനുപാതികമായി റേഷൻ വിഹിതത്തിൽ വർദ്ധനവ് വരുത്തുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടണം. വിശപ്പുരഹിത കേരളം പദ്ധതി ആരംഭിച്ചതും അഗതിമന്ദിരങ്ങളിലെയും കന്യാസ്ത്രീ മഠങ്ങളിലെയും അന്തേവാസികൾക്ക് സൗജന്യ ഭക്ഷ്യകിറ്റ് നൽകാനുള്ള തീരുമാനവും ശ്ലാഘനീയമാണ്.

<u>ശ്രീമതി ഒ. എസ്. അംബിക:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. അനർഹർ തിരിച്ചേൽപ്പിച്ച മുൻഗണനാ കാർഡുകൾ അർഹരായവർക്ക് നൽകാനുള്ള നടപടി സ്വാഗതാർഹമാണ്. സപ്ലൈകോ വഴി 14 ഇനം ഭക്ഷ്യധാന്യങ്ങൾ ന്യായവിലയ്ക്ക് നൽകുന്നതും നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചതും ഓണത്തിന് എല്ലാ കാർഡുടമകൾക്കും 16 ഇനങ്ങളടങ്ങിയ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്യുന്നതും റേഷൻ വ്യാപാരികൾക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതും സ്വാഗതാർഹമാണ്. റേഷൻ ഡീലേഴ്സ് ക്ഷേമനിധി ബോർഡിന് സർക്കാർ വിഹിതം അനുവദിക്കാനുള്ള നടപടിയും ക്ഷേമനിധി ബോർഡിൽ നിന്നുള്ള മരണാനന്തര ധനസഹായം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനുള്ള നടപടിയും മാവേലി സ്റ്റോറുകൾ ആധുനികവൽക്കരിക്കുന്നതും സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കാൻ തീരുമാനിച്ചതും പ്രശംസനീയമാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഓണക്കിറ്റുകൾ സമയബന്ധിതമായി നൽകുന്നതിനും അർഹരായവർക്കെല്ലാം ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതിനും റേഷൻ വ്യാപാരികൾക്ക് ഭക്ഷ്യകിറ്റിനുള്ള കമ്മീഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസിനും ലീഗൽ മെട്രോളജി ഓഫീസിനും അടിയന്തരമായി കെട്ടിടം അനുവദിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പൊതുവിതരണ സമ്പ്രദായത്തിൽ ഇ-പോസ് സംവിധാനം ഉൾപ്പെടെ ആധുനിക രീതിയിലുള്ള മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞതും സൗജന്യ ഭക്ഷ്യകിറ്റ് വിതരണവും ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയതും സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ്. അർഹരായവരെ ഉൾപ്പെടുത്തി മുൻഗണനാ പട്ടിക പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഡി. കെ. മുരളി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സൗജന്യ ഭക്ഷ്യകിറ്റ് വിതരണ ചെയ്യുന്നതും ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയതും ശ്ലാഘനീയമാണ്. അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. റേഷൻ വിതരണ മാനദണ്ഡത്തിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. റേഷൻ വ്യാപാരികളുടെ കമ്മീഷൻ കുടിശ്ശിക നൽകുന്നതിനും ഇ-പോസ് മെഷീനുകളിലെ സെർവർ തകരാറും റേഷൻ കടകളുടെ കുറവും പരിഹരിക്കുന്നതിനും കളമച്ചലിൽ മാവേലി സ്റ്റോറും

പാലോട് സൂപ്പർ മാർക്കറ്റും ആരംഭിക്കുന്നതിനും മരുതുംമൂട് പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ധനാഭ്യർത്ഥനയെ എതിർക്കുന്നു. റേഷൻ സാധനങ്ങൾ ഒരുമിച്ച് നൽകുന്നതിനും ഇ-പോസ് മെഷീൻ തകരാറുമൂലം വിതരണം തടസ്സപ്പെടാതിരിക്കാൻ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. സൗജന്യ ഭക്ഷ്യകിറ്റ് നിറയ്ക്കുന്ന സഞ്ചിക്ക് സപ്ലൈകോ അധിക നിരക്ക് ഈടാക്കുന്നത് പ്രതിഷേധാർഹമാണ്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ കുടിശ്ശിക നൽകുന്നതിനും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): അവശ്യസാധനങ്ങൾക്ക് വിലക്കയറ്റമുണ്ടെന്ന വാദം അടിസ്ഥാനരഹിതമാണ്. അനർഹരുടെ കൈവശമുള്ള മുൻഗണനാ കാർഡുകൾ തിരിച്ചുവാങ്ങി അർഹരായിട്ടുള്ളവർക്ക് വിതരണം ചെയ്യുകയും 11 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കുകയും 31 ഓളം മാവേലിസ്റ്റോറുകൾകൂടി ഓണത്തിനുമുമ്പ് സൂപ്പർ മാർക്കറ്റുകളാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. വിശപ്പു രഹിത കേരളം പദ്ധതിയിലൂടെ

എല്ലാ നിയോജകമണ്ഡലങ്ങളിലും 20 രൂപയ്ക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷയും ഭക്ഷ്യഭദ്രതയും എല്ലാവർക്കും ഭക്ഷണവും എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. റേഷൻ ഡീലേഴ്സിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനും റേഷൻ വ്യാപാരികൾ മരണപ്പെട്ടാൽ ക്ഷേമനിധി ബോർഡിൽനിന്നും ലഭിക്കുന്ന തുക രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചുവരുന്നു. ഭക്ഷ്യയോഗ്യമായ നാണ്യവിളകൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി സപ്ലൈകോ ഔട്ട്ലെറ്റുകൾവഴി വിതരണം ചെയ്യാനുള്ള പദ്ധതി ആവിഷ്കരിക്കുന്നതാണ്. അഗതി മന്ദിരങ്ങളിലെയും കന്യാസ്ത്രീ മഠങ്ങളിലെയും അന്തേവാസികൾക്ക് സൗജന്യ ഭക്ഷ്യകിറ്റ് നൽകാനും ട്രാൻസ്ജെന്റേഴ്സിന് റേഷൻ കാർഡും ഓണത്തിന് സൗജന്യ ഭക്ഷ്യകിറ്റും നൽകാനും മലയോരമേഖലകളിലും ആദിവാസി കേന്ദ്രങ്ങളിലും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും റേഷൻ കടകളും വ്യാപിപ്പിക്കാനും നടപടി സ്വീകരിച്ചു. നെല്ല് സംഭരണം വർദ്ധിപ്പിക്കാനും സംഭരിച്ച നെല്ലിന്റെ വില കൊടുത്തുതീർക്കാനും കഴിഞ്ഞിട്ടുണ്ട്. വിളവെടുപ്പ് ആരംഭിക്കുന്ന സമയത്തുതന്നെ നെല്ല് സംഭരണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. വാടകയ്ക്ക് താമസിക്കുന്നവരിൽനിന്നും അഫിഡവിറ്റ് വാങ്ങി റേഷൻകാർഡ്

നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എ.എ.വൈ. കാർഡുകാർക്ക് റേഷൻ ലഭിക്കുന്നില്ലെന്ന പരാതിയിന്മേൽ പരിശോധന നടത്തുന്നതാണ്. ഭക്ഷ്യകിറ്റ് വിതരണം അവസാനിപ്പിക്കുന്നുവെന്ന മാധ്യമ വാർത്തകൾ അടിസ്ഥാനരഹിതമാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന 34-നെതിരെ 90 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള ധനകാര്യ ബിൽ
(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

## X. ക്രമപ്രശ്നം

<u>ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. പി. ടി. തോമസ്</u>: ധനാഭ്യർത്ഥന ചർച്ച പൂർത്തിയാകുന്നതിനുമുമ്പ് 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കുന്നത് നിയമസഭാ ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും എതിരാണ്. 2005-ൽ മൂല്യവർദ്ധിത നികുതി നിയമം നിലവിൽവന്ന പ്രത്യേക സാഹചര്യത്തിലാണ് ധനാഭ്യർത്ഥനകൾ പാസ്സാക്കുന്നതിന് മുമ്പ് ധനകാര്യ ബിൽ പാസ്സാക്കിയത്. 2018-ൽ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചെങ്കിലും ധനാഭ്യർത്ഥനകൾ പാസ്സായ ശേഷമാണ് കമ്മിറ്റി യോഗം ചേർന്നത്. ആയതിനാൽ ധനകാര്യ ബിൽ പരിശോധിക്കുന്ന സബ്ജക്ട് കമ്മിറ്റി യോഗം ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിച്ച ശേഷം ചേരാൻ റൂളിംഗ് നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): ധനാഭ്യർത്ഥന ചർച്ച പൂർത്തിയാകുന്നതിന് മുമ്പ് ധനകാര്യ ബിൽ പാസ്സാക്കുന്നത് ഭരണഘടനാപരമായോ ചട്ടപ്രകാരമോ തെറ്റല്ല. ധനകാര്യ ബിൽ പാസ്സാക്കുന്നത് 12-08-2021-ലായതിനാൽ ഇപ്പോൾ വിഷയ

നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കുന്നതിന് നിയമതടസ്സമില്ല. സഭ അംഗീകരിച്ച ബി.എ.സി. റിപ്പോർട്ട് പ്രകാരമാണ് ധനകാര്യ ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കുന്നത്.

**റൂളിംഗ്**

മി. സ്പീക്കർ: ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയ്ക്കും വോട്ടെടുപ്പിനും ധനകാര്യ ബില്ലിന്റെ പരിഗണനയുമായി നേരിട്ട് ബന്ധമില്ലെങ്കിലും കീഴ്വഴക്കമെന്ന നിലയിൽ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ച ശേഷമാണ് ധനകാര്യ ബില്ലുകൾ പരിഗണിച്ചുവരുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ധനകാര്യ ബിൽ നേരത്തെ പരിഗണിക്കുന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. കോവിഡിനെ തുടർന്ന് സഭാസമ്മേളനദിനങ്ങളിൽ കുറവ് വരുത്തിയതിനാലാണ് ധനകാര്യ ബില്ലുകൾ പരിഗണിക്കുന്നതിന് പുതിയ സമയക്രമം നിശ്ചയിച്ചത്. ഇക്കാര്യത്തിൽ ചട്ടങ്ങളുടെയോ കീഴ്വഴക്കങ്ങളുടെയോ ലംഘനമുണ്ടായിട്ടില്ല. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണ കാര്യം - തുടർച്ച**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ

സബ്ജക്ട് കമ്മിറ്റി, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റി എന്നിവയുമായും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും സംയുക്തമായി പരിഗണിക്കുന്നതിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീമതി ദെലീമ</u>: 2021-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-08-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: 2021-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-08-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനുമാണ് ഗവൺമെന്റ് മുൻതൂക്കം നൽകുന്നത്. മഹാമാരിയുടെ കെടുതികൾക്കിടയിലും നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണ്. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ നോഡൽ ഓഫീസറെ നിയമിക്കുകയും ക്ഷേമനിധി ബോർഡ് വഴി ധനസഹായം അനുവദിക്കുകയും പദ്ധതി നിർവ്വഹണം നടപ്പാക്കാനാകുംവിധം തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. പ്രതിസന്ധികൾക്കിടയിലും കിഫ്ബി മുഖേനയുള്ള വികസന പദ്ധതികൾ തുടരുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. നികുതി വരുമാനത്തിലുണ്ടായ കുറവും നികുതി വരുമാനം വർദ്ധിപ്പിക്കാൻ

സർക്കാർ സ്വീകരിക്കുന്ന നടപടികളും സംബന്ധിച്ച് വ്യക്തമാക്കണം. കേന്ദ്ര ഗവൺമെന്റിൽനിന്നും ഗ്രാന്റ്-ഇൻ-എയ്ഡ് കൂടുതലായി ലഭിച്ചതിനാലാണ് സർക്കാരിന് സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യാൻ സാധിച്ചത്. ഓഫ് ബഡ്ജറ്റ് ബോറോയിംഗിലൂടെ പ്രവർത്തിക്കുമെന്നാണ് കിഫ്ബി പ്രഖ്യാപിച്ചതെങ്കിലും സർക്കാർ ഖജനാവിന് ലഭിക്കേണ്ട നികുതി വരുമാനത്തിലൂടെയാണ് പ്രവർത്തിക്കുന്നത്.

ശ്രീ. വി. ശശി: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങളും അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചുവെങ്കിലും ജനങ്ങളുടെമേൽ പുതിയ നികുതികൾ ചുമത്താതിരിക്കാൻ സർക്കാരിന് സാധിച്ചു. കോവിഡ് കാലത്ത് ഏർപ്പെടുത്തിയ ലോക്ഡൗണും നിയന്ത്രണങ്ങളും റവന്യൂ വരുമാനത്തെ ബാധിച്ചപ്പോഴും പ്രതിസന്ധികൾ തരണം ചെയ്ത് വികസനത്തിലും സേവനത്തിലും മുൻപന്തിയിലെത്താൻ കഴിഞ്ഞു. ബാങ്കിംഗ്, വൈദ്യുതി വിതരണം, കൽക്കരി ഖനനം, റെയിൽവേ, തുറമുഖം, വിമാനത്താവളം തുടങ്ങിയവ സ്വകാര്യവത്കരിക്കാനും ബ്ലൂ ഇക്കോണമി കരട് നയത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവനും ജീവനോപാധിയും തകർക്കാനുമാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പാക്കേജ് ആവിഷ്കരിക്കാനോ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കാനോ സർക്കാർ ശ്രമിക്കുന്നില്ല. പി.ജി. മെഡിക്കൽ സീറ്റുകളിൽ സംവരണ മാനദണ്ഡപ്രകാരമുള്ള സാമൂഹ്യനീതി ഉറപ്പുവരുത്തുകയും അറബിക് സർവ്വകലാശാല രൂപീകരിക്കുകയും മലപ്പുറം ജില്ലയിലെ ആരോഗ്യമേഖലയിൽ ജനസംഖ്യാനുപാതികമായി തസ്തികകൾ അനുവദിക്കുകയും വേണം. സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുന്നതിനും പ്രതിസന്ധി നേരിടുന്ന ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാനും തയ്യാറാകണം. പ്രവാസി ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ മോണിറ്റർ ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യ വികസനം തുടങ്ങിയ എല്ലാ മേഖലകളിലും സംസ്ഥാനത്തിന് മുന്നേറാൻ സാധിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധിക്കിടയിലും കിഫ്ബി മുഖേന 60000 കോടി രൂപയുടെ

പദ്ധതികൾ പ്രഖ്യാപിച്ചതും ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയതും മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കിയതും പശ്ചാത്തലവികസനത്തിനും പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനും നടത്തിയ ഇടപെടലുകളും സ്വാഗതാർഹമാണ്. സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള കേന്ദ്രസർക്കാരിന്റെ ശ്രമത്തെ ഭരണ-പ്രതിപക്ഷഭേദമന്യേ നേരിടണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ജനങ്ങളുടെ നിലനിൽപ്പും അതിജീവനവുമാണ് പ്രധാനമെന്ന തിരിച്ചറിവോടെയുള്ള സർക്കാരിന്റെ പ്രഖ്യാപനങ്ങളെ സ്വാഗതം ചെയ്യുന്നു. വികസനോന്മുഖവും ജനക്ഷേമകരവുമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട സാമ്പത്തിക സഹായം നൽകാൻ കേന്ദ്രം തയ്യാറാകാത്തത് അപലപനീയമാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും കിഫ്ബിപോലുള്ള പദ്ധതികൾ നടപ്പാക്കുന്നതും എല്ലാവർക്കും

സൗജന്യമായി കോവിഡ് വാക്സിൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും അഭിനന്ദനാർഹമാണ്.

ശ്രീ. ടി. സിദ്ദിഖ്: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. കേരളത്തിന്റെ സാമ്പദ്വ്യവസ്ഥ ഗുരുതര പ്രതിസന്ധി നേരിടുകയാണ്. അന്താരാഷ്ട്ര/ആഭ്യന്തര വിപണിയിൽ കുറഞ്ഞ പലിശനിരക്കിൽ പണം ലഭ്യമായിട്ടും കിഫ്ബിക്ക് ഫണ്ട് കണ്ടെത്താനായി വിദേശത്തുനിന്നും മസാലബോണ്ടുകൾ വഴി കടമെടുത്തത് സംബന്ധിച്ച് വ്യക്തമാക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ കോവിഡ് വരുത്തിയിട്ടുള്ള ആഘാതങ്ങളെക്കുറിച്ച് പഠിക്കാൻ കോവിഡ് ദുരന്തനിവാരണ കമ്മീഷൻ രൂപീകരിക്കുകയും സമാശ്വാസ പദ്ധതികൾ പ്രഖ്യാപിക്കുകയും വേണം. കോവിഡും ലോക്ഡൗണുംമൂലമുള്ള ആത്മഹത്യ വർദ്ധിക്കുന്നത് ആശങ്കാജനകമാണ്.

ശ്രീ. എം. നൗഷാദ്: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയും പ്രകൃതിദുരന്തങ്ങളുമുണ്ടായപ്പോൾ കേരള സർക്കാർ നടത്തിയ ക്ഷേമപ്രവർത്തനങ്ങളും ധനകാര്യമാനേജ്മെന്റും പ്രതീക്ഷ നൽകുന്നതാണ്. സാമ്പത്തികമാന്ദ്യം രൂക്ഷമായ സാഹചര്യത്തിൽ ഇന്ത്യയിലാദ്യമായി കോവിഡ് പാക്കേജ് പ്രഖ്യാപിക്കുകയും ഫണ്ട് അനുവദിക്കുകയും

ചെയ്തതിലൂടെ സമ്പദ് വ്യവസ്ഥയെ സംരക്ഷിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയുംമൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും ജി.എസ്.ടി. വിഹിതവും നഷ്ടപരിഹാരവും യഥാസമയം നൽകാത്ത കേന്ദ്രസർക്കാർ നിലപാടിനെതിരെ ശക്തമായി പ്രതിഷേധിക്കണം. സാമ്പത്തിക വെല്ലുവിളികൾ ഏറ്റെടുത്ത് ജനങ്ങളുടെ താല്പര്യം സംരക്ഷിക്കുന്ന സർക്കാരിന്റെ പ്രവർത്തനം അഭിനന്ദനാർഹമാണ്. രണ്ടാം കുട്ടനാട് പാക്കേജ് അനുവദിക്കുകയും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി റോഡുകളും പാലങ്ങളും കുടിവെള്ള പദ്ധതിയും നടപ്പാക്കുകയും ചെയ്യുന്നത് സ്വാഗതാർഹമാണ്. കുട്ടനാട്ടിലെ റോഡുകളുടെ നവീകരണത്തിനാവശ്യമായ തുക അനുവദിക്കാൻ തയ്യാറാകണം.

ശ്രീമതി ശാന്തകുമാരി കെ.: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്രസർക്കാർ നടപടി പ്രതിഷേധാർഹമാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾക്ക് കൂടുതൽ ഫണ്ട് അനുവദിച്ചതും പാലക്കാട് മെഡിക്കൽ കോളേജിനെ ഉന്നത നിലവാരത്തിലെത്തിച്ചതും സ്വാഗതാർഹമാണ്. ജസ്റ്റിസ് ചേറ്റൂർ

ശങ്കരൻനായരുടെ ജന്മസ്ഥലമായ കോങ്ങാട് മങ്കരയിൽ സ്മാരകം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. വികലമായ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി കേരളത്തിൽ കടം വർദ്ധിക്കുന്ന സാഹചര്യമാണുണ്ടാകുന്നത്. വൻകിട കോർപ്പറേറ്റുകളെ സഹായിക്കുന്ന ബദൽ നയമാണ് സർക്കാർ സ്വീകരിക്കുന്നത്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.

<u>ശ്രീ. എച്ച് സലാം</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ധനകാര്യ കമ്മീഷന്റെ ഭാഗമായുള്ള സാമ്പത്തിക സഹായവും ജി.എസ്.ടി. നഷ്ടപരിഹാരവിഹിതവും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി ലഭ്യമാക്കണം. ജനക്ഷേമ പ്രവർത്തനങ്ങൾക്കും നാടിന്റെ വികസന പ്രവർത്തനങ്ങൾക്കും കിഫ്ബിയിലൂടെ ഫണ്ട് വകയിരുത്തിയത് സ്വാഗതാർഹമാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും കിഫ്ബിയിലൂടെ ഒട്ടേറെ വികസന പദ്ധതികൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്ഘടന മെച്ചപ്പെടുത്താനും ജനങ്ങളുടെ

പിന്നോക്കാവസ്ഥ പരിഹരിക്കാനുമുതകുന്ന നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. സൗജന്യമായി ഭക്ഷ്യധാന്യകിറ്റുകൾ നൽകുന്നതും സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതും അഭിനന്ദനാർഹമാണ്.

ശ്രീ. പി. ബാലചന്ദ്രൻ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും കിഫ്ബിവഴി എല്ലാ മണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്നത് അഭിനന്ദനാർഹമാണ്.

ശ്രീ. എം. രാജഗോപാലൻ: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സമ്പൂർണ്ണ ശുചിത്വ പദ്ധതി, ലൈഫ്, ആർദ്രം മിഷനുകൾ തുടങ്ങിയ ക്ഷേമപദ്ധതികളിലൂടെ സംസ്ഥാനത്ത് വികസനക്കുതിപ്പ് തുടരുകയാണ്. അർഹമായ സാമ്പത്തിക വിഹിതം ലഭ്യമാക്കാത്തതും വായ്പാപരിധി വർദ്ധിപ്പിക്കാത്തതും നാണ്യവിളകൾക്ക് ധനസഹായം പ്രഖ്യാപിക്കാത്തതും തൊഴിലുറപ്പുപദ്ധതി വിഹിതം വർദ്ധിപ്പിക്കാത്തതുമായ കേന്ദ്രനിലപാട് പ്രതിഷേധാർഹമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയുള്ള റവന്യൂ

വരവ്, പ്രതിമാസ ജി.എസ്.ടി. വരുമാനം, റിയൽ പ്ലാൻ എക്സ്പെൻഡിച്ചർ എന്നിവ സംബന്ധിച്ച് വ്യക്തമാക്കണം. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അശാസ്ത്രീയവും പരാജയവുമാണ്. കോവിഡ് പ്രതിസന്ധിമൂലമുള്ള ആത്മഹത്യകൾ വർദ്ധിക്കുന്നത് ഖേദകരമാണ്. പൊതുഖജനാവിലെ പണം ദുരുപയോഗം ചെയ്യുന്നത് പ്രതിഷേധാർഹമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ആംനസ്റ്റി സ്കീമിലൂടെ പരമാവധി നികുതി പിരിച്ചെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പഞ്ചായത്ത് രാജ് ആക്ടുപ്രകാരം ഹരിത ചട്ടങ്ങൾ പാലിക്കുന്ന കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിട്ടുണ്ട്. കിഫ്ബിയിലൂടെ കടം വാങ്ങിയ തുക കേരളത്തിന്റെ വികസനത്തിനായി വിനിയോഗിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് കേരളം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഇന്ത്യയ്ക്കാകെ മാതൃകയാണ്.

ഭേദഗതികൾ സഭ നിരാകരിക്കുകയോ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബജക്ട് കമ്മിറ്റി II, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി

പരിഗണിക്കുന്നതിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കയയ്ക്കുകയും ചെയ്തു.

സഭ വൈകുന്നേരം 6.22-ന് പിരിഞ്ഞു.

************